Vol. 1 | 2024

# THAATHAN

## PITHRUVEDI NEWS BULLETIN

DIOCESE OF MANDYA





# Prayer To St. Joseph

## The Holy Father's Prayer to St. Joseph

*Hail, Guardian of the Redeemer,*
*Spouse of the Blessed Virgin Mary.*
*To you God entrusted his only Son;*
*in you Mary placed her trust;*
*with you Christ became man.*
*Blessed Joseph, to us too,*
*show yourself a father*
*and guide us in the path of life.*
*Obtain for us grace, mercy and courage,*
*and defend us from every evil.*
*Amen.*


EDITORIAL BOARD

**Cheif Editor**
Rev. Fr. Mark Nediyakalayil OCD

**Editor**
Mr. Darly Kuriakose

**Sub Editors**
Dr. Francis Kulirani
Mr. Joseph Aikkara
Mr. Johnson K J
Mr. Lipjo K. Joseph
Mr. Benny Joseph



Printed & Published on behalf of Pithruvedi Eparchy Of Mandya
C/O St. Thomas Forane Church, SG Palya, Bengaluru - 560029, Ph: +91 8861965932
For private circulation only



Email: pithruvedimandya2022@gmail.com

# Director

## Pithruvedi Mandya Diocese



‘താതന്റെ’ ഈ ലക്കത്തിന്റെ പ്രമേയം കുടുംബം നമ്മുടെ വിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ എങ്ങനെയായിരിക്കണം എന്നതാണ്.

കുടുംബത്തെപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്നത് ‘ദൈവത്താൽ സ്ഥാപിതമാണ് കുടുംബം. ‘‘മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല; അവന് ചേർന്ന ഇണയെ ഞാൻ നൽകും.’’ (ഉല്പ. 2:18). മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ച ദൈവം കുടുംബത്തിന് രൂപം നല്കി. നമ്മളൊക്കെ ജനിച്ചതും, വളർന്നതും ജീവിക്കുന്നതും കുടുംബത്തിലാണ്. വിശ്വാസ കൈമാറ്റത്തിന്റെ ആദ്യപാഠങ്ങൾ പഠിച്ചതും കുടുംബത്തിൽ നിന്നുമാണ്.

പിതൃവേദിയുടെ മൂല്യവും ലക്ഷ്യവും ഇതുതന്നെയാണ്: ‘‘കുടുംബത്തിലൂടെ ലോകത്തെ നവീകരിക്കുക’’. ഇതിന്റെ പശ്ചാത്തലത്തിലാണ് ‘താതന്റെ’ ഈ ലക്കം കുടുംബത്തെക്കുറിച്ച് പ്രതിപാദിക്കുവാൻ ഭാരവാഹികൾ തീരമാനിച്ചത്. ഇതിനോട് സഹകരിച്ചു പ്രവർത്തിക്കുന്ന എല്ലാവരെയും ഏറ്റവും സ്നേഹത്തോടെ ആദരിക്കുന്നു.

ഇന്ന് പലരീതിയിലുള്ള വെല്ലുവിളികൾ നമ്മുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അതിനുള്ള കാരണം കുടുംബ ബന്ധങ്ങളുടെ വിള്ളലുകളാണ്. അവിടെ വ്യക്തിജീവിതം തകരുന്നു. അതിനെ അതിജീവിക്കുവാൻ നമ്മുടെ കുടുംബങ്ങളെ ഈശോയിൽ ഉറപ്പിച്ചു നിർത്തുക. അതിനുതകുന്ന വഴികളാണ് ഇടവകയോടു ചേർന്നു പ്രവർത്തിക്കുന്ന സൺഡേസ്കൂൾ ആന്റ് പയസ് അസോസിയേഷൻസ്.

മാണ്ഡ്യരൂപതയിലെ പിതൃവേദി ഈ മൂല്യങ്ങളെ മുറുകെ പിടിച്ചുകൊണ്ട് കുടുംബങ്ങളെ വിശ്വാസത്തിൽ അടിയുറച്ചു നിർത്താനും, ദൈവവിളിയെ പ്രോത്സാഹിപ്പിക്കാനും, തങ്ങളെ തന്നെ നവീകരിച്ചുകൊണ്ട് പിതാവിന്റെ കടമ നിർവഹിക്കുന്നു. അതുവഴി കുടുംബവും ലോകവും നവീകരിക്കപ്പെടുമ്പോൾ എളിയ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു.

പിതൃവേദിയുടെ എല്ലാ ഉദ്യമങ്ങളും വിജയിക്കട്ടെ. ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

**ഡയറക്ടർ ഫാ. മാർക്ക് നെടിയകാലായിൽ ഒസിഡി**
**കർമ്മലാരാം മൗണ്ട് കാർമ്മൽ ഫൊറോനാ ചർച്ച്**

# President

## Pithruvedi Mandya Diocese



Warm greetings once again!

It has been a worthwhile journey for me for the last two and a half years as part of the leadership team of Pithruvedi, Mandya Diocese. The present Diocese Executive Committee (DEC) has reached the fag end of its term and this edition of Thathan is the last one by the present committee. So on behalf of the DEC, I utilize this page to thank all those who have been travelling with us all these while.

At the outset, we thank each of you Pithruvedi members, for the love, support and cooperation extended to us-for it provided an awful lot of energy for us to get ahead with our job. We extend immense thanks to Bishop Mar Sebastian Adayanthrathu for his paternal guidance and to the honourable Curia Fathers for their constant support. Special thanks to our Director Rev Fr Mark Nediyakalayil OCD for his able guidance. Also we fondly remember with gratitude Rev Fr Cyriac Madathil CMI, the past Director. Mr Joseph Aikkara and Mr Johnson K J, our Associate Directors, deserve recognition and gratitude for their mature guidance and availability.

We are deeply grateful to all the Forane Coordinators, unit leaders, and unit members for their steadfast support and cooperation. Our special thanks to the leaders and members of different core teams formed for driving our various verticals-DEAR LIFE Team, Vocation Mentors Group, Olive Champions Squad, Online Bible class facilitators and Minority Help desk.

On a personal note, I express my heartfelt appreciation to my teammates - Mr Lipjo Joseph, Dr Francis Kulirani, Mr Benny Joseph, Mr Jaison Chemmanoor, Mr Georgekutty P.M, Mr Noble Antony and Mr Mathew Chemparathy. Your sincerity and dedication to our cause have been inspiring, and I am grateful to each of you for our shared journey.

As I reflect on our modest achievements, I recognize that while we may not make any grand claims, we have, by the grace of God, made commendable strides in aligning our organization with its vision. We could also devise and roll out certain central initiatives to realize some of its 11 objectives - initiatives like DEAR LIFE, Vocation Promotion, Olive Catalogue and Online Bible class.

Welcoming many new parish units into our fold was indeed a joyful accomplishment. "Thathan" too started reaching us during this period. Our periodic meetings, gatherings and celebrations became more meaningful and participative. Many of our hitherto not-so-active parish level units picked up momentum while the already active ones expanded their domain of activities. We supported the Year of Hunger and Year of Care initiatives of the Diocese in a big way. Overall we feel happy looking back.

But as the idiom goes, the proof of the pudding is in the eating! If an ordinary parish member got more attracted towards our organization and felt proud to be its member, we consider the last two and half years fruitful. But we are not sure yet as these years were majorly those of sawing the seeds. The sawn seeds, if nurtured with care, will surely yield a bountiful harvest in the years to come. May that happen as we transition to a new chapter under a new team.

I wish to conclude this note by seeking your pardon for any shortcomings on my part.

May our heavenly Patron, St Joseph, and Mother Mary intercede for us! May God bless Pithruvedi and make it a real platform "to renew the world through the family".

Thank you all, once again!

**Darly Kuriakose**
**President**
**Pithruvedi, Mandya Diocese**

# DEAR LIFE SEMINAR

## DRUGS ELIMINATION AND RENEWED LIFE

### A PITHRUVEDI MANDYA DIOCESE INITIATIVE AGAINST SUBSTANCE ABUSE

PITHRUVEDI MANDYA DIOCESE held DEAR LIFE Seminar at St Thomas Forane Church Dharmaram with about 150 in attendance including both Youth and Parents. DEAR LIFE Core Team headed by Dr Sojan Antony and supported by TREDA team led by Rev Fr Shinto Mathew conducted sessions separately for parents and Youth.



The event began with Holy Mass led by Fr. Fr. Mark Nediyakalayil OCD, Director of Pithruvedi Mandya Diocese. The seminar was inaugurated by Rev. Fr. Jomon Kolenchery, the Chancellor of Mandya Diocese along with Forane Vicar Rev Fr Anto Kanjirathinkal. This series of seminars would be extended to other Foranes too.





DEAR LIFE help desk team was also launched at Darmaram. The team consists of 8 members, 2 each from Mathruvedi, Youth, catechism and Pithruvedi.

---

## Mandya Diocese Pithruvedi, Central Committee Meeting

Central Committee meeting of Mandya Diocese Pithruvedi was held at St. Joseph's Church TC Palya on 18th-Feb 2024. The meeting was attended by 78 Pithruvedi office bearers from 21 parishes. The meeting started with a prayer by Fr. Subin Punnackal, Director Pithruvedi, St. Joseph's Church TC Palya. Mr. Babu MM, president of Pithruvedi unit St. Joseph's Church TC Palya welcomed the gathering. Mr. Lipjo Joseph, Secretary presented the report and Mr. Jaison Chemmanoor, Treasurer presented the accounts. Rev. Fr. Mark Nediyakalayil OCD, Director Pithruvedi Mandya Diocese addressed the gathering and thanked each unit for taking up various initiatives. Mr. Darly Kuriakose, delivered presidential address in which he stressed on success of second series of Online Bible Class, upcoming DEAR LIFE Seminar and formation of vocation mentors. Mr Joseph Aikkara, Associate Director of Pithruvedi passed a resolution on

conducting elections to Diocese Executive Committee on May 1st at St. Thomas forance church Dharmaram. There was as presentation of Mandya Diocese website where all Pithruvedi details and events are uploaded as well as a demo of Olive Catalogue.

Representatives from each unit updated the gathering about the intiatives that they have conducted and plan of action in the coming months. Mr. Johnson KJ, Associate Director, Diocese Pithruvedi delivered the vote of thanks.



## Activity by Carmelaram Unit

കാർമ്മലാരം പിതൃവേദി നവംബർ ഒന്നാം തീയതി മാണ്ഡ്യ രൂപത, കാർമ്മലാരം ഇടവകയിൽവച്ച് നടത്തിയ പിതൃവേദി ഡേ, അവതരണം കൊണ്ടും കൂട്ടായ പ്രവർത്തനം കൊണ്ടും ശ്രദ്ധിക്കപ്പെട്ടു, വിവിധ ഇടവകകളിൽ നിന്നുമായി നൂറോളം ആളുകൾ പങ്കുടുത്തു. കൂടാതെ മാണ്ഡ്യ രൂപത ബൈബിൾ കലോത്സവത്തിന് പിതൃവേദി നടത്തിയ ഒരു ദിവസം നീണ്ടുനിന്ന ഫുഡ് counter കുറ്റമറ്റതായിരുന്നു. പിതൃവേദി യുടെ ധനസമാഹണത്തിന്റെ ഭാഗമായി ഫെബ്രുവരി മാസത്തിൽ നടത്തിയ ബിരിയാണി ഫെസ്റ്റിൽ ഇടവകയിലെ ജനങ്ങളുടെ സഹകരണത്തോടെ 450 ബിരിയാണി



വിവിധ ഓർഫണേജുകളിൽ വിതരണം നടത്തുവാൻ കഴിഞ്ഞുതു കാർമ്മലാരം പിതൃവേദിയുടെ മുന്നേട്ടുള്ള പ്രവർത്തനങ്ങൾക്കു കരുത്തു നൽകി. ഫെബ്രുവരി 17 തീയതി ഈ വർഷത്തെ ഊട്ടു നേർച്ച പിതൃവേദി അംഗങ്ങളുടെ സഹകരണത്തോടെ നടത്തുന്നതാണ്. ഈ വരുന്ന ഏപ്രിൽ മാസത്തിൽ പിതൃവേദി ഇടവകയിലെ 9,10,11,12 ക്ലാസ്സിലെ കുട്ടികൾക്കായി Carrier Guidence ക്ലാസ്സ് നടുത്തുന്നതാണ്.

# Pithruvedi Team of St. Mary's Church, Kothanur

Pithruvedi team of St. Mary's church, Kothanur, organized a Blood Donation Camp and CPR training camp on 14-Dec (in association with Baptist Hospital, Bangalore). It had a great participation with nearly 110 people showing up for blood donation and the training.





# St. Alphonsa Badminton Championship (SABC Season-4)

The 4th edition of the St. Alphonsa Inter-parish Badminton Tournament, organized by the Pitruvedhi unit of St. Alphonsa Forane Church was held at YuVe Champions Badminton Academy - Thanisandra on February 24 and 25. 24 teams from different parishes across the Mandya Diocese participated in this competition. The event was inaugurated on February 24 by Rev. Fr. Mark OCD, the Director of Pithruvedi-Mandya Diocese. Noble & Sijo from Kasavanahalli Church emerged as the WINNERS, followed by Anish & Tony from Hulimavu Church in second place and Leenish & Sijo from Babusahebpalaya in third place. Rev. Fr. Jomon Kolenchery, the Chancellor of Mandya Diocese & Fr. Tony Thannickal, Vicar did the prize distribution.











Malayatoor Pilgrimage organized by Pithruvedi St Alphonsa Forane Church Sultanpalya on 22.03.2024.



On the occasion of St. Joseph's day, St. Francis De sales Church Jakkur Pithruvedi unit visited Trithwa Ashrama (Akasha Paravakal) along with Parish Vicar and served food and offer financial support.




St. Joseph Feast along with Ottunercha at Kasavanahally



ക്രൈസ്റ്റ് ദി കിംഗ് ചർച്ചിൽ നടന്ന ഊട്ടു നേർച്ചയിൽ പ്രായമായ പിതാക്കന്മാരെ ആദരിച്ചപ്പോൾ.

# കുടുംബത്തിനായി ചില ധനകാര്യചിന്തകൾ



**Jaison Chemmanoor**
**Treasurer**
**Pithruvedi Mandya Diocese**

“കുടുംബങ്ങൾ എങ്ങനെ പോകുന്നുവോ അങ്ങനെയാണ് ഈ ലോകവും മുന്നോട്ടു പോകുന്നത്”. ലോകത്തിന്റെ സ്വഭാവവിശേഷതകൾ നിർണയിക്കുന്നതിൽ കുടുംബങ്ങൾക്കുള്ള പ്രാധാന്യത്തെ സൂചിപ്പിച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞ വാക്കുകളാണിവ. വിശ്വാസജീവിതത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ, ഒരു പരിധിവരെ, നമ്മുടെ ഒക്കെ കുടുംബങ്ങളിൽ ഇന്നും പ്രാവർത്തികതലത്തിൽ ഈ ചിന്തയുള്ളത് കാണുവാൻ കഴിയും. എന്നാൽ ഒരു സാമൂഹിക കാഴ്ചപ്പാടോടെ ക്രിസ്തീയ മൂല്യങ്ങൾ ഇഴചേർത്തിട്ടുള്ള ഒരു ജീവിതം നെയ്തെടുക്കുവാൻ നമ്മുടെ കുടുംബങ്ങളിൽ നിന്ന് ലഭിച്ചിരുന്ന പരിശീലനം പുതുതലമുറക്ക് ലഭിക്കുന്നുണ്ടോ എന്ന് ചിന്തക്കേണ്ടത് ആവശ്യമാണ്.

കുടുംബങ്ങളിൽ നൂറ്റാണ്ടായി തുടർന്നുവന്നിരുന്ന പല മാമ്മൂലുകളും പൊളിച്ചെഴുതിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. മക്കളും മാതാപിതാക്കളും തമ്മിലുള്ള ബന്ധത്തിനു പണ്ടുണ്ടായിരുന്നത്ര കെട്ടുറപ്പോ പരസ്പര ആശ്രയത്വമോ ഇന്നില്ല എന്നുള്ളതാണ് അതിൽ ഏറ്റവും ശ്രദ്ധേയമായത്. വിശുദ്ധ ഔസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ചു, മാൻഡ്യാ രൂപതയുടെ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ കുടുംബനവീകരണത്തെ പറ്റി ആഴത്തിൽ ചിന്തിക്കുകയും പ്രാർത്ഥിച്ച് ഒരുങ്ങുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ മാതാപിതാക്കൾക്ക്, പ്രത്യേകിച്ചു പിതാക്കന്മാർക്കുള്ള സവിശേഷമായ ചില ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഓർമ്മപ്പെടുത്തുവാനാണ് ഇവിടെ ഞാൻ ശ്രമിക്കുന്നത്.

കുടുംബത്തിന്റെ അടിത്തറ ഉറപ്പിക്കുന്നതിൽ വളരെ പ്രാധാന്യമുള്ള ഒരു ഘടകമാണ് സമ്പത്ത്. അതുണ്ടാക്കാനുള്ളതുപോലെ ചിലവഴിക്കുന്നതിലും ഒരു ഭാര്യ, ഭർതൃ അഭിപ്രായ സമന്വയം ഉള്ളത് കുടുംബങ്ങളുടെ നിലനിൽപ്പിനു തന്നെ ആവശ്യമാണ്. അതിലേറെ പ്രധാനപ്പെട്ടതാണ് കുട്ടികൾക്ക് കുടുംബങ്ങളിൽ നൽകപ്പെടുന്ന സാമ്പത്തിക പരിശീലനം. സമ്പത്തിന്റെ മൂല്യത്തെ തെറ്റായി വ്യാഖ്യാനിക്കുന്ന ചില നടപടികൾ അടുത്ത തലമുറക്ക് നന്മറെക്കാൾ ഏറെ ദോഷം ചെയ്യും.

സന്തോഷവും സമാധാനവും പണം കൊടുത്തു വാങ്ങുന്നതല്ല എന്നും, മനുഷ്യൻ സമ്പത്തിന്റെ കാവൽക്കാരൻ മാത്രമാണെന്നും കുട്ടികളെ പഠിപ്പിച്ചു കൊടുക്കേണ്ടത്

ഉപദേശങ്ങൾ കൊണ്ട് മാത്രമല്ല, കുടുംബം ഒന്നിച്ചു ചെയ്യുന്ന നന്മ പ്രവർത്തികളി ലൂടെയാണ്. കുട്ടികളുടെ പോക്കറ്റ് മണി യുടെ ധനം ഏറുകയും കുടുംബത്തിന്റെ യഥാർത്ഥ സാമ്പത്തിക പശ്ചാത്തലം കുട്ടി കളിൽ നിന്ന് മറഞ്ഞിരിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. മനുഷ്യബന്ധങ്ങൾക്ക് പകരം നിൽക്കാൻ ഒരു സമ്പത്തിനും സ്ഥാനമാനത്തിനും ഒരു നാളി ലും ആവില്ല എന്ന് ആ കുട്ടികൾ തിരിച്ചറിഞ്ഞു തുടങ്ങുമ്പോളെക്കും സമയം ഏറെ അതിക്രമി ച്ചു കഴിഞ്ഞിട്ടുണ്ടാകും.

വളരെ പ്രധാനപ്പെട്ട മറ്റൊരു അപകടമാണ് പെരുകുന്ന ആഡംബര ഭ്രമം. ആരെയൊ ക്കെയോ കാണിക്കുവാൻ വേണ്ടിമാത്രം നടത്തുന്ന സ്വകാര്യ ആഘോഷങ്ങൾക്ക് അവയുടെ പിന്നിലുള്ള യഥാർത്ഥ മൂല്യത്തെ പുതുതലമുറയുടെ കണ്ണിൽ നിന്ന് മറച്ചുപി ടിക്കുവാനുള്ള കെൽപ്പുണ്ട്. അവ അവരെ ഘോഷങ്ങളിൽ മുക്കുകയും ആന്തരിക അർത്ഥങ്ങളിൽ നിന്ന് അകറ്റുകയും ചെയ്യുന്നു. വിവാഹം, ഭവന നിർമാണം തുടങ്ങി യവക്കുള്ള ചിലവുകൾ ഏറുന്നതിനുള്ള ഒരു കാരണം നമ്മൾ ചെയ്യുന്നതെല്ലാം നമ്മുടെ അയൽപക്കത്തുള്ളവരെയും ബന്ധുക്ക ളെയുംകാൾ പൊതുജനാഭിപ്രായം നേടണം എന്ന ഒരു അനാവശ്യ വാശിയിൽ നിന്നാണ്. മറ്റുള്ളവരോട് തുലനം ചെയ്ത് മാർക്കിടുന്ന ഒരു മത്സര ഇനമാക്കി ഇത്തരം കാര്യങ്ങളെ നമ്മുടെ സമൂഹം മാറ്റിയിരിക്കുന്നു. ഉള്ളതും ഇല്ലാത്തതും സ്വരൂക്കൂട്ടി ഈ മത്സരത്തി നിറങ്ങുന്നവർ കുടുംബത്തെ പണയം വെച്ച് ചൂതു കളിക്കുന്നതു പോലെയുള്ള അബദ്ധമാണ് കാണിക്കുന്നതെന്ന് മനസ്സി ലാക്കണം.

തങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടറി യാതെ മക്കളെ വളർത്തുവാൻ ശ്രമിക്കുന്ന മാതാപിതാക്കൾ സാമൂഹിക ദ്രോഹി കളാണ്. ചിലവഴിക്കപ്പെടുന്ന ഓരോ രൂപയിലും മാതാപിതാക്കളുടെ വിയർപ്പി ന്റെ ഉപ്പു രുചിക്കാനാവുന്ന മക്കൾക്ക് ഒരു കാലത്തും വഴിതെറ്റില്ല എന്നതാണ് സത്യം. അദ്ധ്വാനത്തിന്റെ മാഹാത്മ്യം തിരിച്ചറി യുവാനും കുടുംബബന്ധങ്ങൾക്ക് വില കൽപ്പിക്കുവാനും മക്കൾ പഠിക്കുന്നത് ഈ പാഠത്തിൽ നിന്നാണ്.

ഈ ചിന്തകൾക്കെല്ലാം പിന്തുണ നൽകുന്ന ചില വ്യതിയാനങ്ങൾ സഭയുടെ സമീ പനത്തിലും വന്നുതുടങ്ങിയത് കൂടുതൽ ശുഭോതർക്കമാണ്. കുടുംബങ്ങളെ കൂട്ടായ്മ യിൽ നിലനിൽക്കുവാൻ പ്രേരിപ്പിക്കുകയും, കൂടുതൽ കുട്ടികൾക്ക് ജന്മം നൽകി അവരെ വിശ്വാസത്തിൽ വളർത്തുവാൻ പ്രോത്സാഹി പ്പിക്കുകയും ചെയ്യുന്ന വാക്കുകൾ ഫ്രാൻസി സ് മാർ പാപ്പയുടേതായി നമ്മൾ ഈ അടുത്ത കാലത്ത് കേൾക്കുകയുണ്ടായി. കുടുംബങ്ങളോടുള്ള സമീപനത്തിൽ കാത ലായ ഒരു മാറ്റം വൈദികരുടെയും സഭാധികാരി കളുടെയും ഭാഗത്ത് നിന്ന് ഉണ്ടാകുവാനുള്ള സമയമായി എന്ന ഫ്രാൻസിസ് പാപ്പയുടെ വീക്ഷണം വളരെ പ്രാധാന്യമറിയിക്കുന്നു. കുടുംബങ്ങളെ പ്രശ്നബാധിത പ്രദേശങ്ങൾ ആയല്ല, ദൈവിക ഇടപെടലുകൾ നടക്കുന്ന ഇടങ്ങളായി വേണം അജപാലകർ സമീ പിക്കുവാൻ. വൈദികർ കുടുംബങ്ങളെ പഠിപ്പിക്കുക മാത്രമല്ല അവരെ ശ്രവി ച്ച് അവരിൽ നിന്ന് പഠിക്കുകയും വേണം. സഭാ നേതൃത്വത്തിൽ ഉയരുന്ന ഇത്തരം ചി ന്തകൾ ഗാർഹിക സഭയുടെ ചൈതന്യം വീ ണ്ടെടുക്കുവാൻ കുടുംബങ്ങളെ സഹായിക്കും. അങ്ങനെ തിരുസഭ ആധുനിക യുഗത്തിൽ കൂടുതൽ ഫലദായകമാവുകയും ചെയ്യും. ■




നവംബർ ഒന്നാം തീയതി പിതൃവേദി സംഘടിപ്പിച്ച LA FETE PERES 2023 മെമ്പർമാരുടെ സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും ശ്രദ്ധേയമായി. 33 യൂണിറ്റുകളിൽ നിന്നായി 314 പ്രതിനിധികൾ ഇതിൽ പങ്കെടുക്കുകയുണ്ടായി. മാണ്ഡ്യരൂപത ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മുഖ്യകാർമ്മികത്വം വഹിച്ച വിശുദ്ധ കുർബാനയോടെയാണ് ദിനാചരണത്തിന് തുടക്കമായത്. ഇതിന്റെ ഭാഗമായി സംഘടിപ്പികച്ച ഗ്രൂപ്പ് ഡിസ്കഷൻ വിഷയങ്ങളുടെ പ്രസക്തി കൊണ്ടും അതിൽനിന്നും ഉരുതിരിഞ്ഞ ആശയം കൊണ്ടും പങ്കെടുത്ത എല്ലാ പ്രതിനിധികൾക്കും ഒരു പുതിയ ഉണർവും ദിശാബോധവും നൽകി. ഈ പരിപാടി അതിമനോഹരമായി സംഘടിപ്പിക്കാൻ സഹായിച്ച എല്ലാ പ്രതിനിധികളെയും പ്രത്യേകിച്ച് മൗണ്ട് കാർമൽ പിതൃവേദി യൂണിറ്റിനെയും അഭിനന്ദിക്കുകയും അവരോടുള്ള നന്ദി രേഖപ്പെടുത്തുകും ചെയ്യുന്നു.

# La Fete Peres 2023








































# La Fete Peres 2023














































# LA FETE PERES 2023
# (Mandya Diocese Pithruvedi Day 2023)

## GROUP DISCUSSION REPORT

### 1. Introduction

Mandya Diocese Pithruvedi celebrated **La Fete Peres 2023** (Festival of Fathers) on November 1st 2023. One of the activities in this event was to conduct group discussion about challenges faced by families in the recent time particularly in urban societies like Bengaluru. The entire participants of La Fete Peres were divided into 5 groups consisting of around 60 people. Each group was given a separate topic as detailed below.

Each group was tasked with selecting a group leader and a secretary for noting down the points. Group leaders explained the topic to the group and asked their views/points on these topics. Each team leader presented their team's findings/recommendations/solutions moderated by Rev Fr. Mark Nediyakalayil OCD to entire gathering. Bishop H.E. Mar Sebastian Adayanthrathu summed up the entire activity. The outcome of each group is given below;

### 2. Topic 1

THE DILUTION OF TRADITIONAL FAMILY VALUES AND INCREASINGLY DISAPPEARING GRANDPARENTS' MENTORING OF THE GRANDCHILDREN ARE POSING A CHALLENGE IN BRINGING UP CHILDREN WITH THE RIGHT MORAL/FAMILY VALUES. HOW CAN A CATHOLIC FAMILY TIDE OVER THIS CHALLENGE? CAN PITHRUVEDI HELP IN SOME WAY?

പരമ്പരാഗത കുടുംബമൂല്യങ്ങളുടെ ശോഷണവും അതോടൊപ്പം കുട്ടികൾക്ക് മുതിർന്ന കാരണവന്മാരിൽ നിന്നുള്ള ശിക്ഷണത്തിന്റെ അഭാവവും ഇക്കാലത്തു കുട്ടികളെ ശരിയായ മൂല്യബോധത്തോടെ വളർത്തുന്നതിന് വെല്ലുവിളികൾ ഉയർത്തുന്നു. ഒരു കത്തോലിക്കാ കുടുംബത്തിന് ഈ വെല്ലുവിളിയെ എങ്ങനെ നേരിടാം? പിതൃവേദിക്ക് ഈ രംഗത്ത് എങ്ങനെ അർത്ഥവത്തായി ഇടപെടാം?

#### a. Reasons

- There was general consensus that there is deterioration of values among children.
- Financial status has altered the upbringing style
- Joint families don't exist in today's society
- Language of children (English) is a barrier for interaction with grand parents
- Children spending time with Grandparents have reduced a lot
- COVID has made online interactions easier
- Some of the traditional values that has deteriorated
  - Respect towards others
  - Social and personal responsibility
- Internet/social media has secluded children from others
- Reluctance of elders to grow along with children
- Busy schedules of parents and children

#### b. Possible Solutions

- ✓ Zoom call with Grand parents
- ✓ Visit grand parents and stay with them for some days
- ✓ Parents have to make conscious effort to develop skills to interact with children
- ✓ Family prayer with all members of family

- ✓ At least One food (dinner), with a small prayer with all family members together
- ✓ Catechism should promote meeting grandparents, syllabus to be modified with social issues of the day
- ✓ Children should attend Malayalam classes to reduce the language barrier
- ✓ Reduce the use of mobile / social media particularly during family discussions

## 3. Topic 2

THERE IS A GRADUAL DISINTEREST IN SPIRITUAL MATTERS IN MODERN FAMILIES. WHAT ARE THE ILL EFFECTS OF THIS? WHAT ACTIONS PITHRUVEDI CAN OFFER TO COUNTER THIS TREND?

ഇക്കാലത്തു കുടുംബങ്ങളിൽ ഒരു ആധ്യാത്മിക ഉദാസീനത കണ്ടുവരുന്നു. ഇതിന്റെ ദൂഷ്യ ഫലങ്ങൾ എന്തൊക്കെ? കുടുംബങ്ങളുടെ ആധ്യാത്മിക ഉണർവിനായി പിതൃവേദിക്ക് എന്ത് ചെയ്യാൻ കഴിയും?

### a. Solutions

- ✓ Family prayer to be insisted
- ✓ Habit of praying before leaving the house to be brought back
- ✓ Interact church related activities within family members to bring children closer to church
- ✓ Education and Job is not enough to handle the life
- ✓ Schools along with the churches
- ✓ Pay tithe, involve children in giving
- ✓ Sunday Holy mass should not be missed
- ✓ Relationship between husband and wife should be strong
- ✓ Avoid conflicts in front of children
- ✓ Have discussion about saints and their life
- ✓ Avoid negative comments about priests, church etc
- ✓ Avoid alcohol at home
- ✓ Camps to understand the life of priests
- ✓ Respect holy scarcements particularly holy mass etc
- ✓ Respect other people their beliefs and culture
- ✓ Catechism should promote practical activities like visit orphanage, old age homes etc
- ✓ Parents to be involved in Pithruvedi/ Mathruvedi
- ✓ Prayer while traveling as family

## 4. Topic 3

LACK OF COMMUNICATION AMONG FAMILY MEMBERS IS A CAUSE FOR DISINTEGRATION OF FAMILY TIES. WHAT ARE THE REASONS FOR THIS? WHAT PRACTICAL SOLUTIONS CAN PITHRUVEDI HELP ITS MEMBER FAMILIES WITH, IN THIS REGARD?

കുടുംബാംഗങ്ങളുടെ ഇടയിലെ ആശയവിനിമയമില്ലായ്മ കുടുംബബന്ധങ്ങളുടെ ശിഥിലീകരണത്തിനു ഒരു മുഖ്യഹേതുവാണ്. ആശയവിനിമയമില്ലായ്മയുടെ കാരണങ്ങൾ എന്തൊക്കെ? പിതൃവേദി അംഗങ്ങളുടെ കുടുംബങ്ങളിൽ ഈ കുറവ് എങ്ങനെ ഫലവത്തായി പരിഹരിക്കാം?

### a. Solutions

- ✓ Have food together at least once in a day and avoid mobile during this time
- ✓ Busy schedules reduce family time but plan for a daily family time
- ✓ Husband – wife relationship should be strong which is what children imbibe
- ✓ Control emotional outbursts particularly by head of family
- ✓ Deal the new generation in their style
- ✓ Evening prayer should not be missed
- ✓ Mutual understanding between husband and wife
- ✓ Family head should avoid decisions taken alone

- ✓ Share all the difficulties with all the family members
- ✓ Take and accept feedbacks from Children
- ✓ Involve children in discussions and take their inputs
- ✓ Reduce over ambitions in families
- ✓ Simplify the communication
- ✓ Try to be disciplined and teach discipline at home

## 5. Topic 4

ISOLATION AND THE RESULTANT LONELINESS ARE BURNING ISSUES FACED BY AGED FAMILY MEMBERS. WHAT PRACTICAL SOLUTIONS CAN BE ADOPTED TO MITIGATE THE TROUBLES OF THE LONESOME SENIORS OF OUR FAMILIES? CAN PITHRUVEDI COME OUT WITH A SUPPORTIVE PROGRAMME IN OUR PARISHES?

ഒറ്റപ്പെടലും അതിൽനിന്നുളവാകുന്ന ഏകാന്തതയും ഇക്കാലത്തെ വയോജനങ്ങൾ അഭിമുഖീകരിക്കുന്ന നീറുന്ന പ്രശ്നമാണ്. ഈ പ്രശ്നത്തിന് പ്രായോഗികമായ പരിഹങ്ങൾ എന്തൊക്കെയാണ്? ഇടവക തലത്തിൽ പിതൃവേദിക്ക് എന്തെങ്കിലും പ്രായോഗിക പരിപാടികൾ ഇതിനായി ചെയ്യുവാൻ കഴിയുമോ?

### a. Reasons

- ➢ Nuclear family
- ➢ Children settle outside country/state for better education and job
- ➢ Lack of peace at home, generation gap
- ➢ Directions shown by parents, like success is going abroad, make money
- ➢ Changes in technology like mobile phones creating loneliness (also a place for spending time)
- ➢ Early division for property which leads to division of family
- ➢ Parents are not showing care towards their parents which children are seeing
- ➢ Lack of communication between family members

### a. Solutions

- ✓ Advice children about importance of joint family and bad effects of nuclear family
- ✓ Share the difficulties with all family members including the children
- ✓ Promote local jobs and people taking up local jobs
- ✓ Identify lonely/aged parents in the parish and make frequent visits
- ✓ Show a better example by reducing family arguments
- ✓ Have food together at least once in a day and avoid mobile during this time
- ✓ Start this food with a small prayer by head of the family
- ✓ Don't avoid technology but advice the bad effects to technology to children
- ✓ Conduct events of technology usage at parish level
- ✓ Establish formal homes for aged at parish/ diocese level
- ✓ Establish grievance cells at parish level to address family problems

## 6. Topic 5

THE PROSPECT OF ENDING UP IN DIVORCE IS AN INCREASINGLY ALARMING TREND FOUND ESPECIALLY AMONG THE YOUNG COUPLES OF OUR TIME. WHAT ARE THE REASONS AND POSSIBLE SOLUTIONS? WHAT SUPPORTIVE ROLE PITHRUVEDI CAN PLAY HERE?

വിവാഹ മോചനത്തിൽ അവസാനിക്കുന്ന വൈവാഹിക ബന്ധങ്ങൾ ഇന്നത്തെ യുവ ദമ്പതിമാരുടെ ഇടയിൽ ക്രമേണ വർദ്ധിതമായിക്കൊണ്ടിരിക്കുന്നു. ഇതിന്റെ കാരണങ്ങളും പരിഹാരങ്ങളും എന്തൊക്കെ? പിതൃവേദിക്ക് ഈ പ്രശ്നപരിഹാരത്തിന് ക്രിയാത്മകമായ എന്ത് പദ്ധതികൾ ഒരുക്കുവാൻ കഴിയും?

### a. Reasons

- ✓ Lack of tolerance/ resilience among young couples
- ✓ Ego
- ✓ Celebrity (Many of whom are divorced and are celebrating their divorce) role models
- ✓ Financial freedom of both.
- ✓ Value erosion in the society
- ✓ Lack of faith in Family system
- ✓ Nuclear family
- ✓ Youngsters going abroad for undergraduate programs and assimilating western values
- ✓ Drugs & Alcoholism

### a. Solutions

- ✓ Focused program on Value system for class 8, 9, 10
- ✓ Family prayer
- ✓ Parents are to be role models
- ✓ Imparting the importance of Marriage & Family unit
- ✓ Life coaching for young boys and girls from high school - Career, Values, (Tolerance, Resilience, Humility, Selflessness, Altruism etc, just to give some examples) Relationship to Money, Religion etc.
- ✓ Motivating and ensuring that all the children of Pithruvedi members are participating in Holy Childhood, Alter servers, CML, Parish Youth Front Association.
- ✓ Life coaching for parents.
- ✓ Faith formation of youngsters
- ✓ Strengthening the family should continue to be the priority activity, above all activities of Pithruvedi

## 7. Team

### Moderator

Rev Fr Mark Nediyakalayil Ocd, Director

### Team Facilitators

Team A - Mr Joseph Aikkara

Team B - Mr Johnson K J

Team C - Mr Benny Joseph

Team D - Mr Lipjo Joseph

Team E - Mr Noble Antony Thattil

### Team Leaders

Team A - Johnson Jose - St. Mary's Church Bommanahalli & Jacob - St. Sebastian's Forane Church Mathikere

Team B - Prasad Jose - Infant Jesus Cathedral Church, Mysore, Hinkal

Team C - Thampy Alappat - St. Thomas Forane Church, Jalahalli

Team D - Shajan Joseph - St. Alphonsa Forane Church, Sulthanpalya

Team E - Glady Jacob - St. Thomas Forane Church, Jalahalli

■

# പിതൃവേദി റിപ്പോർട്ട്

## (1st Nov 2023 - 17th 2024)

പ്രിയ ബഹുമാനപ്പെട്ട പിതൃവേദി രൂപതാ ഡയറക്ടർ റവ. ഫ. മാർക്ക് നെടിയകാലായിൽ ഒസിഡി, ടി.സി. പാളയ പിതൃവേദി യൂണിറ്റ് ഡയറക്ടർ റവ. ഫ. സുബിൻ പുന്നക്കൽ, രൂപതാ പിതൃവേദി പ്രസിഡന്റ് ശ്രീ. ഡാർലി കുര്യാക്കോസ്, പിതൃവേദി ട്രഷറർ ശ്രീ ജെയ്സൺ ചെമ്മനൂർ, പിതൃവേദി അസോസിയേറ്റ് ഡയറക്ടർമാരായ ശ്രീ ജോസഫ് ഏക്കര, ശ്രീ ജോൺസൺ എം.ജെ. ടി.സി. പാളയ പിതൃവേദി യൂണിറ്റ് പ്രസിഡന്റ് ശ്രീ ബാബു എം.എം., പ്രിയപ്പെട്ട മറ്റ് പിതൃവേദി യൂണിറ്റ് ഭാരവാഹികളെ, 2023 നവംബർ 1 മുതൽ 2024 ഫേബ്രുവരി 17 വരെയുള്ള മാണ്ഡ്യ രൂപത പിതൃവേദി പ്രവർത്തന റിപ്പോർട്ട്.

നവംബർ ഒന്നാം തീയതി പിതൃവേദി സംഘടിപ്പിച്ച LA FETE PERES 2023 മെമ്പർമാരുടെ സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും ശ്രദ്ധേയമായി. 33 യൂണിറ്റുകളിൽ നിന്നായി 314 പ്രതിനിധികൾ ഇതിൽ പങ്കെടുക്കുകയുണ്ടായി. മാണ്ഡ്യരൂപത ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് മുഖ്യകാർമ്മികത്വം വഹിച്ച വിശുദ്ധ കുർബാനയോടെയാണ് ദിനാചരണത്തിന് തുടക്കമായത്. ഇതിന്റെ ഭാഗമായി സംഘടിപ്പികച്ച ഗ്രൂപ്പ് ഡിസ്കഷൻ വിഷയങ്ങളുടെ പ്രസക്തി മൊണ്ടും അതിൽനിന്നും ഉരുതിരിഞ്ഞ ആശയം കൊണ്ടും പങ്കെടുത്ത എല്ലാ പ്രതിനിധികൾക്കും ഒരു പുതിയ ഉണർവും ദിശാബോധവും നൽകി. ഈ പരിപാടി അതിമനോഹരമായി സംഘടിപ്പിക്കാൻ സഹായിച്ച എല്ലാ പ്രതിനിധികളെയും പ്രത്യേകിച്ച് മൗണ്ട് കാർമൽ പിതൃവേദി യൂണിറ്റിനെയും അഭിനന്ദിക്കുകയും അവരോടുള്ള നന്ദി രേഖപ്പെടുത്തുകും ചെയ്യുന്നു.

പിതൃവേദിയുടെ ഓൺലൈൻ ബൈബിൾ ക്ലാസിന്റെ രണ്ടാം സീസൺ ഡിസംബർ 19ാം തീയതി വിജയകരമായി പൂർത്തിയായി. ഈ വർഷത്തെ ഓൺലൈൻ ക്ലാസിനായി 120 പേർ രജിസ്റ്റർ ചെയ്യുകയുണ്ടായി. അതിൽ 45 ഓളം പേർ സർട്ടിഫിക്കറ്റിന് അർഹരാവുകയും ചെയ്തു. കഴിഞ്ഞവർഷത്തേക്കാൾ കൂടുതൽ ആളുകൾ ഇതിൽ പങ്കെടുക്കുവാൻ മുന്നോട്ടുവന്നത് ഇതിന്റെ സ്വീകാര്യതയും ആവശ്യകതയും തെളിയിക്കുന്നു. ഇതിനായി സഹകരിച്ച എല്ലാ യൂണിറ്റുളെയും അതോടൊപ്പം തന്നെ ഇതിനു നേതൃത്വം നൽകിയ ധർമ്മാരാം വിദ്യാക്ഷേത്രത്തിലെ ഫാദർ ടോമി കാട്ടാമ്പള്ളി അച്ചനെയും നന്ദിയോടെ ഓർക്കുന്നു. എല്ലാ ക്ലാസ്സുകളുടെ വീഡിയോ റെക്കോർഡിങ് മാണ്ഡ്യ രൂപതയുടെ വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

രൂപതയുടെ വെബ് സൈറ്റിൽ പിതൃവ്യയുടെ പേജ് നവീകരിക്കുകയും അതിൽ പിതൃവ്യയുടെ വിവിധ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയുണ്ടായി. നമ്മുടെ പ്രസിദ്ധീകരണമായ താതന്റെ സോഫ്റ്റ് കോപ്പി അവിടെ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഒലിവ് കാറ്റലോഗിന്റെ ശേഷിക്കുന്ന ഡേറ്റ എൻട്രി

പൂർത്തികരിക്കുകയും ചെയ്തു. ഇതോടെ നമ്മുടെ രൂപതയിലുള്ള സംരംഭകരുടെ ഡാറ്റ Olivecatalogue.com അല്ലെങ്കിൽ മാണ്ഡ്യരൂപതയുടെ വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. എല്ലാ ട്രസ്റ്റുകളും ദർപ്പൺ എന്ന ഗവൺമെന്റ് വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യണം എന്ന് നിബന്ധന പാലിക്കുന്നതിന്റെ ഭാഗമായി പിതൃവേദിയുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി.

സമൂഹത്തിൽ വർദ്ധിച്ചുവരുന്ന Drugs എന്ന മാരു വിപത്തിനെതിരെ പ്രവർത്തിക്കുന്നതിനുള്ള പിതൃവേദിയുടെ പദ്ധതിയായ DEAR ലൈഫിന്റെ ആദ്യത്തെ സെമിനാർ St. Thomas Church Dharmaram-ൽ വെച്ച് ഫെബ്രുവരി 25 തീയതി നടത്തുവാൻ തീരുമാനിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ ഒരു കോർ കമ്മറ്റിയെ തീരുമാനിക്കുകയും ചെയ്തു. ഈ കമ്മറ്റിയുടെ മീറ്റിംഗ് ഡിസംബർ 11-ാം തീയതി St. Thomas Church Dharmaram ചേരുകയുണ്ടായി. ഇതിനുശേഷം ഈ പദ്ധതി മറ്റു ദേവാലയങ്ങളിലേക്കും വ്യാപിപ്പിക്കുകയും ചെയ്യും.

Diocese Executive കമ്മറ്റിയുടെ മീറ്റിംഗ് ജനുവരി 13ന് ഓൺലൈനായി കൂടുകയുണ്ടായി. കഴിഞ്ഞ കമ്മറ്റിയിൽ എടുത്ത തീരുമാനംപ്രകാരം വൊക്കേഷൻ മെന്ററിനെ തിരഞ്ഞെടുക്കുകയും അവർക്കുവേണ്ടി ഒരു പ്രത്യേക വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുകയും ചെയ്തു. ഇതുവരെ നമുക്ക് 22 Vocation Mentor മാരെ ലഭിച്ചു. രൂപത ജനുവരി 26-ാം തീയതി സംഘടിപ്പിച്ച വൊക്കേഷൻ ക്യാമ്പിൽ പങ്കെടുക്കുവാൻ ഇവരുടെ സഹായത്തോടെ വിദ്യാർത്ഥികളെ അയക്കുകയുണ്ടായി.

പിതൃവേദിയുടെ മധ്യസ്ഥനായ വിശുദ്ധ ഔസേപിതാവ് വഴി ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടു സെക്രട്ടറിയായ ഞാൻ ഈ റിപ്പോർട്ട് ദൈവനാമത്തിൽ സമർപ്പിക്കുന്നു.

ക്രിസ്തുവിന്റെ നാമത്തിൽ നന്ദി.

എന്ന്,

**Lipjo Joseph**
**Secretary, Pithruvedi Mandya Diocese**

Minor Orders and Vestition of 5 Seminarians were conducted at Mother Theresa Minor Seminary, Mandya on 27th March. Seminarians thanked Pithruvedi's whole hearted support extended towards Vocation promotion through Vocation mentors at each unit, seminarian sponsorship and vocation promotion events.





# ക്രിസ്തീയ കുടുംബം; ഒരു സാധ്യതയാണ്



(ഫ. വർഗ്ഗീസ് ചിറ്റുപറമ്പിൽ OCD)

രണ്ടായിരത്തി ഇരുപത്തൊന്ന് മാർച്ച് മാസം 19-ാം തീയതി മുതൽ, രണ്ടായിരത്തി ഇരുപത്തി രണ്ട് ജൂൺ 26 വരെ പരുശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 'കുടുംബ വർഷ'മായി പ്രഖ്യാപകച്ചിരുന്നു. 'സ്നേഹത്തിൽ സന്തോഷം' എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിന്റെ അഞ്ചാം വർഷമാണ് ഈ 'കുടുംബവർഷം' ആചരിച്ചത്. കുടുംബം ഒരു സാധ്യതയാണ് എന്നുള്ളത്.

കാലത്തിന്റെ മാറ്റത്തിന് അനുസരിച്ച് കുടുംബബന്ധങ്ങൾ പരിവർത്തനത്തിന് വിധേയമാണെന്ന് നമുക്ക് അറിയാം. ഏതൊരു പരിവർത്തനത്തിനും രണ്ട് വശങ്ങൾ ഉള്ളതുപോലെ, കുടുംബത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്കും മാറ്റം സംഭവിച്ചിട്ടുണ്ട്. നല്ലതിനെ പുൽകാനും, തെറ്റായ പ്രവണതകളെ അവധാനപൂർവ്വം വിശകലനം ചെയ്യാനും സാധിക്കുമ്പോൾ ആണ് നല്ല കുടുംബങ്ങൾ രൂപം കൊള്ളുന്നത്. ക്രൈസ്തവ കാഴ്ചപ്പാടിൽ കുടുംബം സാധ്യതകളുടെ ഒരു ലോകമാണ്. സ്നേഹബന്ധത്തിലേക്ക് ഉള്ള ഒരു സാധ്യത. സന്തോഷത്തിന്റെ വിശാലലോകത്തിലേയ്ക്കുള്ള ഒരു വാതിൽ. പങ്കുവയ്ക്കൽ എന്ന ചിന്ത രൂപപ്പെടാനുള്ള പുണ്യഭൂമി എന്നിങ്ങനെ അനന്ത സാധ്യതകളുടെ ഒരു ലോകമാണ് 'ഗാർഹിക സഭ' എന്ന് നാം വിശേഷിപ്പിക്കുന്ന കുടുംബം. ഇതിന് ഉതകുന്നതാണോ നമ്മുടെ ഭവനങ്ങൾ എന്ന ചിന്ത രൂപപ്പെടാനുള്ള നല്ല വിളനിലം. ക്ഷമയുടെ ബാലപാഠങ്ങൾ അഭ്യസിക്കാനുള്ള കളരി. പ്രാർത്ഥനാ മനോഭാവം രൂപപ്പെടാനുള്ള പുണ്യഭൂമി എന്നിങ്ങനെ അനന്ത സാധ്യതകളുടെ ഒരു ലോകമാണ് 'ഗാർഹിക സഭ' എന്ന് നാം വിശേഷിപ്പിക്കുന്ന കുടുംബം. ഇതിന് ഉതകുന്നതാണോ നമ്മുടെ ഭവനങ്ങൾ എന്ന ചിന്ത മാതാപിതാക്കളും മക്കളും ഒരുമിച്ച് വിശകലനത്തിന് വിധേയമാക്കേണ്ടതാണ്.

പഴയ നിയമത്തിലെ തോബിത്തിന്റെ പുസ്തകം ക്രിസ്തു ആഗ്രഹിക്കുന്ന ഒരു കുടുംബത്തിന്റെ അകത്തളമാണ്. 'കർത്താവേ ഞാൻ ഇവളെ സ്വീകരിക്കുന്നത് ജഢികമായ അഭിലാഷത്താലല്ല; നിഷ്കളങ്കമായ പ്രേമത്താലാണ്. അങ്ങയുടെ കാരുണ്യം എനിക്ക് ഉണ്ടാകണമേ. ഇവളോടൊത്ത് വാർദ്ധ്യകൃത്തിലെത്തുന്നതിന് അവിടുന്ന് അനുഗ്രഹിച്ചാലും' (തോബിത് 8:7) തോബിത്തിന്റെ ഈ പ്രാർത്ഥനയ്ക്ക് ഭാര്യ 'സാറ' നൽകുന്ന മറുപടി 'ആമേൻ'; 'അപ്രകാരമായിരിക്കട്ടെ' എന്നാണ്. കുടുംബത്തെക്കുറിച്ചുള്ള ദമ്പതികളുടെ സ്വപ്നങ്ങൾക്ക് അടിസ്ഥാനം ഈ മനോഭാവമാണ്. ഓരേ മനസ്സോടും, ഒരേ ഹൃദയത്തോടും ഒന്നിച്ച് ആയിരിക്കുവാനുള്ള ഉൽക്കടമായ ആഗ്രഹം. നാം പലപ്പോഴും പറഞ്ഞ് കേട്ടിട്ടുള്ളതുപോലെ ഈ ഭൂമിയിലുള്ള എല്ലാ കുഞ്ഞുങ്ങളുടെയും അടുത്ത് വന്നിരിക്കാൻ ദൈവത്തിന് കഴിയാത്തതുകൊണ്ട് അവിടുന്ന് അമ്മമാരെ സൃഷ്ടിച്ചു എന്നുള്ള സത്യത്തിന്റെ ആദ്യപടിയാണ് തോബിത്തിന്റെ ഈ പ്രാർത്ഥനയും, സാറായുടെ മറുപടിയും.

ക്രൈസ്തവ കുടുംബങ്ങൾ ഒരു സാധ്യതയാണ് എന്ന സഭ പറയുമ്പോൾ, ആധുനിക മാതാപിതാക്കൾ ഓർത്തിരിക്കേണ്ട ഒരു സത്യമുണ്ട്. മറ്റേതൊരു

കാലഘട്ടത്തെക്കാളും വിദ്യാസമ്പന്നരാണ് ഇന്നത്തെ തലമുറ. അവരുടെ അറിവിന് അനുസരിച്ച് കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കാനും അതനുസരിച്ച് കുടുംബബന്ധങ്ങൾ ആഴപ്പെടുത്താനും സാധിക്കുമ്പോൾ ആണ് സാധ്യയുടെ ലോകം തുറക്കപ്പെടുന്നത്. അപ്പോഴാണ് സമൂഹത്തിന്റെ അടിത്തറയാകുന്ന കുടുംബം ശക്തിപ്പെടുകയുള്ളു. ബൗദ്ധിക വളർച്ചയ്ക്ക് ഒപ്പം വൈകാരികതലവും വികസന പ്രക്രിയയുടെ ഭാഗമാക്കി കരുത്തുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുമ്പോൾ മാത്രമാണ് 'കുടുംബത്തിന് ഒരു സാധ്യതയുടെ ലോകം' എന്ന കാഴ്ചപ്പാടിലേക്ക് യാത്ര ചെയ്യാൻ സാധിക്കുന്നത്. ഹൃദയമില്ലാത്ത കുടുംബം ഒരു സ്ഥാപനം മാത്രമായി അധ:പതിക്കും. ഹൃദയം കൊണ്ടാണ് ഭവനം കെട്ടിപ്പടുക്കേണ്ടത്. നസ്രസിലെ കുടുംബം നമുക്ക് നൽകുന്ന പാഠം ഇതാണ്.

വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്ന വി. യൗസേപ്പിതാവിന്റെയും, മാതാവിന്റെയും, ഉണ്ണീശോയുടെയും, ജീവിതം നമുക്ക് ഒരു വലിയ പാഠം നൽകുന്നുണ്ട്. എപ്പോഴും ദൈവഹിതത്തിന് കാതോർത്ത ദമ്പതികൾ. ദൈവസ്വരം തിരിച്ചറിയാൻ ഏകാന്തതയുടെ ലോകത്ത് വ്യാപരിക്കാൻ സമയം കണ്ടെത്തിയവർ. അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പാകുന്നോതോടൊപ്പം സന്മാർഗിക മൂല്യങ്ങൾ വളർത്താനും, ജീവിതത്തെ പിനരർപ്പണം നടത്തിയവർ ആണ് തിരുകുടുംബം. വിശ്വാസവും സ്നേഹപൂർണ്ണമായ ആദരവും കുഞ്ഞുങ്ങളിൽ ജനിപ്പിക്കുന്നതിന് വിദ്യാദായകർ എന്ന നിലയ്ക്ക് മാതാപിതാക്കൾക്ക് കടമയുണ്ട് എന്ന സത്യമാണ് യേശുവിന്റെ മുപ്പതുവർഷത്തെ രഹസ്യജീവിതം നമുക്ക് നൽകുന്ന സന്ദേശം. കുടുംബ ബന്ധത്തിന്റെ ആവശ്യകതയും ചില അടിസ്ഥാന മൂല്യങ്ങളുടെ പ്രാധാന്യവും പുതുതലമുറയിൽ നൽകാൻ തത്ത്വങ്ങളോ, ചോദ്യം ചെയ്യാനാവാത്തതുമായ നിയമങ്ങളോ അല്ല ആവശ്യം, മറിച്ച് കുഞ്ഞുങ്ങൾ തന്നെ അനുഭവത്തിൽ നിന്നു പഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നത് വളരെ പ്രാധാനപ്പെട്ടതാണ്. മാതാപിതാക്കളുടെ ജീവിതത്തിൽ നിന്ന് അത് ഉൾക്കൊള്ളാൻ മക്കൾക്ക് സാധിക്കുമ്പോൾ ആണ് സാധ്യതയുടെ ലോകത്തേക്ക് കടന്ന് വരാൻ അവർക്ക് സാധിക്കുകയുള്ളു,

ജ്ഞാനസ്നാത്തിൽ സ്വീകരിക്കുന്ന ദൈവദാനമാണ് വിശ്വാസം. അത് ഒരു വ്യക്തിയുടെ പ്രവർത്തിയല്ല. എങ്കിലും ആ ദാനം വളരുന്നതിനും, വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗ്ഗമാണ് മാതാപിതാക്കൾ. ഈ അർത്ഥത്തിൽ ആണ് 'തലമുറ തലമുറയോട് അങ്ങയുടെ പ്രവർത്തികൾ വർണ്ണിക്കുക' എന്ന സങ്കീർത്തകന്റെ വചനത്തിന് അർത്ഥം ഒരു കുടുംബാന്തരീക്ഷത്തിൽ കണ്ടെത്താൻ മാതാപിതാക്കൾക്ക് സാധിക്കുന്നത്. ഇപ്രകാരമാണ് 'പിതാവ് സന്തതികടെ അങ്ങയുടെ വിശ്വസ്തത അറിയാവുന്നത്' (ഏശയ്യ 38:19). വിശ്വാസത്തിന്റെ ഈ കൈമാറ്റവും, അതേ തുടർന്നുള്ള വിശ്വാസവളർച്ചയുമാണ് മനുഷ്യനെ ഒരു രഹസ്യമായി കാണാൻ ഗബ്രിയേൽ മാർസലിനെ പ്രേരിപ്പിച്ചത്. രഹസ്യം പങ്കുവയ്ക്കാൻ അടുത്തു കൂടണം. നമ്മടെയെല്ലാം കുടുംബത്തിൽ സ്വാതന്ത്രവും, കൂട്ടായ്മയും, ഊഷ്മളബന്ധവും രൂപപ്പെടുമ്പോൾ ആണ്, 'ഞാൻ നീ ബന്ധത്തിലൂടെ നമ്മളായി വളരുന്ന' (മാർട്ടിൻ ബൂബർ) പൂർണ്ണതയുടെ ലോകത്തിലേക്ക് ഉയരാൻ പുതു തലമുറയ്ക്ക് സാധിക്കുന്നത്. ഈ വളർച്ചയുടെ പൂർണ്ണതയാണ് ജീവിതമാകുന്ന പുസ്തകത്തിന്റെ ജീവിക്കുന്ന വരികൾ കാണാനും, വായിക്കാനും, വ്യാഖ്യാനിക്കാനും സാധിക്കുന്ന തലത്തിലേക്ക് ഉള്ള വളർച്ച. അപ്പോഴാണ് 'കുടുംബം ഒരു സാധ്യത' എന്ന കാഴ്ചപ്പാട് പൂർത്തിയാകുന്നത്. ■

# GOALS AND OBJECTIVES

Pithruvedi's approved bylaw lays down Pithruvedi's Goals, Objectives, Organisation structure and working principles.

## PITHRUVEDI'S GOAL:
## "RENEW THE WORLD THROUGH FAMILY"

**PITHRUVEDI'S OBJECTIVES:**

1. To provide awareness to the members on the paternal responsibility to form and nurture a model Catholic family.
2. To discourage from the habitual evils that wreck the family's integrity and security
3. To actively participate in family group activities and Parish community
4. To sensitize about our duty to witness Christ in one's sphere of activity
5. To be part of the lay missionary work at Parish, Forane and Diocese levels
6. To help uplift the families that are lacking spiritually, mentally, physically, culturally and financially
7. To orient the members on the need to lead a life based on Christian values
8. To play a lead role in facilitating adult catechism
9. To keep the organization away from any political affiliations
10. To be part of the pro-life initiatives. Promote responsible family structuring as per the Church's teaching.
11. To form families that are centred around prayer, sacraments and liturgy.

Best compliments from:

The **builders** of **your**

# dream homes

**CLASSIC**
HOMES
Heavens On Earth



BUILDERS & DEVELOPERS

**CLASSIC HOMES** # 71, Lakeview Road, Kodathy Village, Sarjapur Road, Bengaluru - 560 035

**John P. D.** | 99019 85888 | 96201 10248 | 96327 27340 | classichome2001@gmail.com

ET GROUP

# ETMAS VENTURES

Karnataka & Kerala

## PHASE 1

- Plot Size (Sqft) : 30*40 , 30*50 & 30*60
- Development Type: Premium Residential Plots

### Amenities

Gated Community
Pedestrian pathways with trees/shrubs on both sides of the road.
Water Connection • Park • Electricity • Street Light

Ongoing Project

# Noby Meadows

Opp.St.Norbert School & PU Collage,
Kollegial Main road,
T Narasipura,
Mysore 571124

**Rs. 750/- sqft**

### Highlight Features

- NH 266: 300 mtr
- ICSE School: 300 mtr
- CBSE School & PU Collage: 500 mtr
- Hospital: 200 mtr

#24, Amartha Nagar 4th Phase, Choodasandra Road, Huskur Post, Bangalore-560099.
Email: etmasventures@gmail.com Web: etgroup.in

BOOKING OPEN

9739406181